## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

മി. സ്പീക്കർ : അനൗദ്യോഗികാംഗങ്ങളുടെ കാര്യം രാവിലെ 10 മണി മുതൽ ഉച്ചയ്ക്കുശേഷം 12.30 വരെയാണ്. ആവശ്യമായ സമയം അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിന് കിട്ടുന്നതിനുവേണ്ടി ചെയറിന് ചെയ്യാൻ പറ്റുന്ന ഏകകാര്യം സബ്മിഷനുകളുടെ എണ്ണം കുറയ്ക്കുക എന്നുള്ളതാണ്. ഇന്ന് 10 സബ്മിഷനുകൾ മാത്രമാണ് അനുവദിച്ചിരുന്നത്. അതിൽ രണ്ട് അംഗങ്ങളുടെ അസൗകര്യം കാരണം 8 സബ്മിഷനുകളാണ് ഉണ്ടായിരുന്നത്. ചോദിക്കുന്ന ചോദ്യത്തിന്റെയും പറയുന്ന മറുപടിയുടെയും നീളം കൂടുമ്പോൾ അനൗദ്യോഗികാംഗങ്ങളുടെ ദിവസം പ്രയോജനകരമല്ലാത്തതായി മാറിക്കൊണ്ടിരിക്കുന്നു. എല്ലാവരും ശ്രദ്ധിച്ചാൽ മാത്രമേ അതിന് മാറ്റം വരികയുള്ളു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, സമയബോധമില്ലാതെയാണ് അനൗദ്യോഗികാംഗങ്ങളുടെ 24 ബില്ലുകൾ ഇന്ന് ലിസ്റ്റ് ചെയ്തിട്ടുള്ളത്. ചർച്ചകൾക്കുള്ള സമയത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചുരുക്കിയാൽ മാത്രമേ ബില്ലിന് പ്രസക്തി ഉണ്ടാവുകയുള്ളു. ഇക്കാര്യം അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി ശ്രദ്ധിക്കേണ്ടതാണ്.

മി. സ്പീക്കർ : രണ്ടര മണിക്കൂർ സമയം കണക്കാക്കിയാണ് സമിതി ബില്ലുകളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. ഇത്രയും ബില്ലുകൾ എടുക്കാൻ സാദ്ധ്യമല്ലെന്ന് സമിതിക്കും അറിയാം. കുറച്ചുകൂടി പ്രാക്ടിക്കൽ ആകണം. ശ്രീ. കെ.സി. ജോസഫ് പറഞ്ഞത് ശരിയാണ്. പക്ഷേ, സമിതിക്ക് ഇതല്ലാതെ വേറെ എന്താണ് മാർഗ്ഗം.

## റിപ്പോർട്ട് പരിഗണന

ശ്രീ. റ്റി.എൻ. പ്രതാപൻ : സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് ശരിയാണ്. സമയം കാൽക്കുലേറ്റ് ചെയ്തുതന്നെയാണ് ബില്ലുകൾ വച്ചിട്ടു ള്ളത്. സാധാരണ നടപടിക്രമമനുസരിച്ച് സഭ നടക്കുകയാണെങ്കിൽ ഈ സമയം പൂർണ്ണമായും കിട്ടും. 5 മിനിറ്റ് വച്ച് കാൽക്കുലേറ്റ് ചെയ്താണ് ബില്ലു കൾ തയ്യാറാക്കിയത്. അതിനുള്ള അവസരം ഭരണകക്ഷിയും പ്രതിപക്ഷവും അംഗങ്ങൾക്ക് ഉണ്ടാക്കിത്തരണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 17–ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സമിതി ചെയർമാൻ എന്ന നിലയിൽ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 17–ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## (2). അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

### 2013–ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മണവും ബിൽ

ശ്രീ. എ. പ്രദീപ്കുമാർ : സർ, 2013–ലെ കേരള കളിസ്ഥലങ്ങളുടെ സംര ക്ഷണവും പരിപാലനവും നിർമ്മാണവും ബില്ലിന്റെ അവതരാണുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ഞാൻ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, നാഷണൽ പ്ലേ ഫീൽഡ് അസോസിയേഷൻ ഓഫ് ഇൻഡ്യയുടെ മാതൃകയിൽ പ്ലേ ഫീൽഡ് അസോസിയേഷൻ ഓഫ് കേരള രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നാഷണൽ ഗെയിംസ് കൂടി വരുന്ന പശ്ചാത്തലത്തിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പുതിയ സ്റ്റേഡിയങ്ങളുണ്ട്. അതിന് പൊതുവായ മേൽനോട്ടം വഹിക്കുന്നതിന് ലെഗസി പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ നിർദ്ദിഷ്ട സ്പോർട്സ് ആക്ട് ഭേദഗതി ബിൽ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. സ്റ്റേഡിയങ്ങളുടെയും കളിസ്ഥലങ്ങളുടെയും തുറസ്സായ സ്ഥലങ്ങളുടെയും പരിപാലനത്തിനായി നിരവധി പുതിയ മാർഗ്ഗങ്ങൾ ഉൾക്കൊള്ളുന്ന നിയമ നിർമ്മാണമാണ് ഗവൺമെന്റ് നടത്താൻ ഉദ്ദേശിക്കുന്നത്. ഈ പശ്ചാത്തലത്തിൽ ശ്രീ. എ. പ്രദീപ്കുമാർ ബിൽ പ്രസ്സ് ചെയ്യരുതെന്ന് ഞാൻ അപേക്ഷിക്കുകയാണ്. കേരളത്തിൽ പുതിയ നെസസ്സിറ്റി വന്നിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമം കൊണ്ടുവരാതിരിക്കാൻ കഴിയില്ല. വിപുലമായ കവറേജ് ഉണ്ടാകുന്ന നിയമം ഉണ്ടാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

മി. സ്പീക്കർ : ശ്രീ. എ. പ്രദീപ്കുമാർ, ബിൽ പിൻവലിക്കുന്നുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഞാൻ ബിൽ പിൻവലിക്കുന്നില്ല.

## 2013-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മണവും ബിൽ

<u>മി. സ്പീക്കർ</u>: ശ്രീ. എ. പ്രദീപ്കുമാർ അങ്ങേയ്ക്ക് ബില്ലിനെക്കുറിച്ച് ഹ്രസ്വമായി സംസാരിക്കാവുന്നതാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, സർക്കാരിനുകൂടി സഹായകമാകുന്ന നിലയിൽ ഞാൻ ഇവിടെ അവതരിപ്പിച്ച ബില്ലിന്റെ പ്രസക്തി ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി നിഷേധിച്ചിട്ടില്ല. ഇത് പ്രാബല്യത്തിൽ വരേണ്ടതുതന്നെയാണ്, ഗവൺമെന്റുതന്നെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുവെന്നിവിടെ പറഞ്ഞു. പക്ഷെ അതേ സർക്കാരിനുകൂടി സഹായകകരമാകുന്ന നിലയിലാണ് ഞാനിവിടെ കൊണ്ടുവരുന്നത്. അത് അങ്ങ് കേട്ടുനോക്കിയതിനുശേഷം ഈ സഭയുടെ ഒരു പൊതുവായ അഭിപ്രായമനുസരിച്ച് അത് സ്വീകരിക്കുന്നതിനുള്ള ഒരു സാഹചര്യമുണ്ടാകണമെന്നൊരു അഭ്യർത്ഥനയാണുള്ളത്. ഈയൊരു സർക്കാരിന്റെ ഭാഗത്തുനിന്നുവന്ന ഒരു പിഴവിന്റെ മാത്രം പശ്ചാത്തലത്തിലല്ല ഈകാര്യങ്ങൾ വരുന്നത്. ഒരുപാട് കാലങ്ങളായി നിൽക്കുന്ന പല പ്രശ്നങ്ങളും പരിഹരിക്കാൻ ഇങ്ങനെയൊരു നിയമം ആവശ്യമാണ്. അതിന്റെ ഭാഗമായിട്ടാണ് 2013-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ ഞാൻ അവതരിപ്പിക്കാൻ നിർബന്ധിക്കപ്പെട്ടത്. നമ്മുടെ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും അതുപോലെ തന്നെ പുതിയ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുമുദ്ദേശിച്ചുകൊണ്ടാണ് ഇതിലെ വ്യവസ്ഥകളൊക്കെ ഉണ്ടാക്കിയിട്ടുള്ളത്. ഇതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ഇതുപോലൊരു സഭയിൽ ഞങ്ങളാരെങ്കിലും വാദിച്ച് ബോദ്ധ്യപ്പെടുത്തേണ്ട കാര്യമൊന്നുമില്ല. കാരണം ആരോഗ്യമുള്ള ഒരു സമൂഹമുണ്ടാ

കണം. രോഗതുരമായിക്കൊണ്ടിരിക്കുന്ന കേരളീയ സമൂഹത്തെക്കുറിച്ച് ഉത്കണ്ഠയോടുകൂടി എപ്പോഴും സംഭാഷണം നടക്കുന്ന ഒരു സ്ഥലമാണ് ഈ സഭ. അതിൽ വ്യായാമമില്ലായ്മയും അത് ചെയ്യുന്നതിനുള്ള സ്പേസ് ഇല്ലായ്മയുമൊക്കെ പ്രധാനപ്പെട്ട ഒരു കാരണമാണ്. അതുപോലെതന്നെ ലോകത്തിൽ വലിയ നിലയിലെത്തിയിട്ടില്ലെങ്കിലും ഇൻഡ്യൻ സ്പോർട്സിന്റെ മുന്നേറ്റത്തിൽ കേരളം വലിയ നിലയിലുള്ള സംഭാവന കഴിഞ്ഞകാലങ്ങളിൽ നൽകിയിട്ടുണ്ട്. നമുക്ക് നേരത്തെയുണ്ടായിരുന്ന ലഭ്യമായ കളിസ്ഥലങ്ങളിൽ നിന്നാണ് നമ്മുടെ പല സ്പോർട്സ് പ്രതിഭകളും പരിശീലിച്ചതും ഉയർന്നുവന്നതുമെല്ലാം. ഇപ്പോൾ നമ്മൾ നേരിടുന്ന പ്രശ്നം നമുക്ക് നേരത്തെയുണ്ടായിരുന്ന കളിസ്ഥലങ്ങൾപോലും ഗവൺമെന്റിന്റെ വികലമായ വികസന കാഴ്ചപ്പാട് അല്ലെങ്കിൽ ഈ മേഖലയിലുള്ള നയമില്ലായ്മ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വളരെ വികൃതവും വികലവുമായിട്ടുള്ള വികസന കാഴ്ചപ്പാടുകൾ എന്നിവയുടെയെല്ലാം ഭാഗമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണിവിടെ നിലവിലുള്ളത്. ഞാൻ ഒരുപാട് വിശദീകരണമൊന്നും പറയുന്നില്ല. ഇപ്പോൾ നമ്മുടെ നാട്ടിലെ കളിക്കളങ്ങളുടെ ഉടമസ്ഥത സർക്കാരിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, സ്പോർട്സ് കൗൺസിലിനും, സ്കൂളുകൾക്കും കോളേജുകൾക്കുമുണ്ട്, ചിലപ്പോൾ ചില ക്ലബ്ബുകൾക്ക് അപൂർവ്വമായി സ്വന്തമായി സ്ഥലമുള്ളതുണ്ടാകും. പല കളിക്കളങ്ങളും ഇപ്പോൾ അപ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്. ഇവിടെയിരിക്കുന്ന അംഗങ്ങൾക്കും അവരുടെ അനുഭവത്തിൽ ഒരുപാട് ഉദാഹരണങ്ങളുണ്ടാകാം. ചാലക്കുടിയിൽ നേരത്തെ ഫുട്ബോൾ ടൂർണമെന്റൊക്കെ നടന്ന ഒരു വലിയ ഗ്രൗണ്ടുണ്ടായിരുന്നു. ചാലക്കുടി ഗവൺമെന്റ് സ്കൂളിന്റെ ഗ്രൗണ്ടാണ്. സന്തോഷ് ട്രോഫി മത്സരംപോലും

അവിടെ നടന്നിരുന്നതാണ്. അതിപ്പോൾ റോഡ് വീതികൂട്ടിയതിന്റെ ഭാഗമായി നെടുകെ പിളർന്ന് കളികൾക്ക് ഉപയോഗിക്കാൻ കഴിയാത്ത തരത്തിലായിരിക്കുകയാണ്. നമ്മുടെ പി.ടി. ഉഷ ഓടി വളർന്ന പയ്യോളി സ്കൂൾ ഗ്രൗണ്ട് വളരെ വലുതായിരുന്നു. ഇപ്പോൾ അവിടം ഒരു ക്ഷേത്രകമ്മിറ്റി കയ്യേറി നമുക്കതിനെ പ്രതിരോധിക്കാൻ....

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ, ഈ ചർച്ച അങ്ങേയ്ക്ക് പിന്നീട് തുടരാവുന്നതാണ്. ഇപ്പോൾ സമയം കഴിഞ്ഞു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അങ്ങനെ ഇതുപോലുള്ള ഗ്രൗണ്ടുകൾ നഷ്ടപ്പെട്ടു. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സ്കൂളുകളിൽ പ്ലസ്ടു വന്നതോടുകൂടി ഗ്രൗണ്ടുകൾ ഇല്ലാതെപോയി. ഇങ്ങനെയൊക്കെയുള്ള പശ്ചാത്തലത്തിൽ നിലവിലുള്ള കളിസ്ഥലങ്ങൾ സംരക്ഷിക്കുക മാത്രമല്ല പുതിയവ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. നമ്മുടെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതുപോലെയുള്ള ശക്തമായ നിയമത്തിനുതകുന്ന ഒരു ബില്ലാണ് ഞാനിവിടെ ഇപ്പോൾ അവതരിപ്പിക്കുന്നത്. അതിന്റെ വിശദാംശങ്ങൾ....

മി. സ്പീക്കർ: ശ്രീ. പ്രദീപ്കുമാർ.... പ്ലീസ്

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാനൊരു വാചകംപറഞ്ഞത് പൂർത്തിയാക്കട്ടെ. ഞാൻ ഈ ചർച്ച ഇവിടെ അവസാനിപ്പിക്കുന്നില്ല, വീണ്ടും തുടരാം.

ശ്രീ. എ. കെ. ബാലൻ: സർ, ഈ സിസ്റ്റം മാറ്റണം. ഒരു അംഗത്തിനും നല്ല രീതിയിൽ പ്രസംഗിക്കാൻ സാധിക്കുന്നില്ല.

മി. സ്പീക്കർ: ഈ സിസ്റ്റം ഇവിടെയിരുന്ന് നമുക്ക് മാറ്റാൻ സാധിക്കില്ല. ശ്രീ. എ. കെ. ബാലൻ, ഇത് നിയമസഭയുടെ നടപടിക്രമങ്ങളിലും ചട്ടങ്ങളിലും ആലോചിച്ച് മാറ്റം വരുത്തേണ്ടതാണ്. അല്ലാതെ ഇപ്പോൾ

സാധിക്കില്ല. ഈ സംവിധാനമാണ് ഞാൻ സഭയിൽ വന്ന കാലംമുതൽ കണ്ടുകൊണ്ടിരിക്കുന്നത്. നമുക്കത് മാറ്റാം.

## (2) 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ അങ്ങേയ്ക്ക് 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലിന്റെ അവതരാണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലിന്റെ അവതരാണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

സർ, കോഴിക്കോട് മലപ്പുറം ജില്ലയിലെ കാരായ്മ, പണയപ്പാട്ടം, പണയ ചീട്ട് എന്നീപേരുകളിൽ അറിയപ്പെടുന്ന ആധാരങ്ങളുള്ള കുടിയാന്മാരുടെ കാര്യമാണ് ഈ ബില്ലിൽ പരാമർശിക്കുന്നത്. 1963-ലെ കേരള ലാന്റ് റിഫോംസ് ആക്ടിൽ 1989-ൽ വരുത്തിയ ഭേദഗതിയിൽ ഡീംഡ് കാരായ്മയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നുമാത്രമല്ല, കാരായ്മ കുടിയാന്മാരുടെ സ്വകാര്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി 1999-ൽ ആക്ട് 21/99 ആയി മറ്റൊരു അമെന്റ്മെന്റും കൊണ്ടുവരികയുണ്ടായി. എന്നാൽ പ്രസ്തുത അമെന്റ്മെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതി ഭരണഘടനാവിരുദ്ധമെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ഇപ്പോൾ നിൽക്കുന്നത്. ഇപ്പോൾ 1989-ലെ ഭേദഗതിനിയമത്തിലെ വ്യവസ്ഥയാണ് നിലനിൽക്കുന്നത്. ഈ സാഹചര്യ

ത്തിൽ രത്നാബായി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരളയിലെ വിധിന്യായത്തിലെ വ്യവസ്ഥ പ്രകാരം ഇത്തരത്തിലുള്ള കേസുകളിൽ കാരായ്മ കുടിയാന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടി അവർക്ക് ലാന്റ് ട്രിബ്യൂണലിനെ സമീപിക്കാവുന്നതാണ്. ആ സാഹചര്യത്തിൽ ഇങ്ങനെയൊരു നിയമം ആവശ്യമില്ല. എങ്കിലും ചർച്ച ചെയ്യുന്നതിൽ വിരോധമില്ല.

(2) 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ, ഗവൺമെന്റ് നിലപാട് പ്രഖ്യാപിച്ചു. ഇനി അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാവുന്നതാണ്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഇത് ഇവിടെ വിശദമായി ചർച്ച ചെയ്യണം. കാരണം ഇങ്ങനെയൊരു നിയമത്തിന്റെ പിൻബലത്തോടുകൂടിയല്ലാതെ ഈ കാരായ്മ കുടിയാന്മാരുടെ പ്രശ്നങ്ങൾ സംരക്ഷിക്കാൻ സാധിക്കില്ല. 1963-ലും 1968-ലും ഭൂപരിഷ്കരണനിയമത്തിൽ വന്ന ചെറിയ മിസ്സിംഗിന്റെ ഭാഗമായി സംഭവിച്ചതാണിത്. പഴയ ജന്മി-കുടിയാൻ വ്യവസ്ഥയുടെ ഒരവശിഷ്ടം ഇപ്പോഴും നിൽക്കുകയാണ്. ആയിരക്കണക്കിന് കുടുംബങ്ങൾ അതിന്റെ പ്രയാസമനുഭവിക്കുന്നുണ്ട്. ആ പ്രാധാന്യം ഉൾക്കൊണ്ടുതന്നെയാണ് നമ്മുടെ നിയമസഭ നേരത്തെ നിയമം പാസ്സാക്കിയത്. അങ്ങ് പറഞ്ഞതുപോലെതന്നെ 1989-ലെ നിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്തിയിട്ടുപ്പോലുംപട്ടയം കിട്ടിയ ഭൂമിയെന്ന നിലയിലാണ് ബഹു. ഹൈക്കോടതി കാരായ്മ എന്നുള്ളതിനെ വ്യാഖ്യാനിച്ചത്. അതിന്റെ ഭാഗമായി ആദ്യം പ്രശ്നമുണ്ടായി. 1999-ലെ നിയമവും ഇതു

പോലെതന്നെ കോടതി തടസ്സമുണ്ടാക്കി. അപ്പോൾ കോടതി ഭരണഘടനാ വിരുദ്ധമെന്നുപറയുമ്പോൾ ഭരണഘടനാവിരുദ്ധമല്ലാത്ത നിലയിൽ ആ ന്യൂനത പരിഹരിച്ചുകൊണ്ട് നിയമം കൊണ്ടുവരണം. കോടതി ഇങ്ങനെയൊരു വിധി നടപ്പിലാക്കിയാൽ പിന്നെങ്ങനെയാണ് ട്രിബ്യൂണലിൽ ഈ ആളുകൾക്ക് ന്യായം കിട്ടുന്നത്? കോടതി ഭരണഘടനാവിരുദ്ധമെന്നു പറയുന്ന സംഭവത്തെ ട്രിബ്യൂണൽ സാധാരണഗതിയിൽ അതിന് വ്യത്യസ്തമായി കാരായ്മക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു നിലപാട് സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കാനാവില്ല. ആയിരകണക്കിന് വരുന്ന കുടുംബങ്ങൾ ഇപ്പോഴും പഴയ ജന്മിവ്യവസ്ഥയുടെ ഏറ്റവും വികൃതമായ ഒരവശിഷ്ടംപോലെ നിൽക്കുകയാണ്. അതിന് പരിഹാരമുണ്ടാക്കാൻ കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനത പരിഹരിച്ചുകൊണ്ട് ഈ സഭ നിയമം കൊണ്ടുവരുമെന്നുള്ള വികാരത്തിലാണ് ഞാൻ ഈ ബിൽ ഇവിടെ കൊണ്ടുവന്നത്. ഇത് വിശദമായി ഇവിടെ ചർച്ചചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ:</u> അങ്ങേയ്ക്ക് ചർച്ച തുടരാവുന്നതാണ്.

<u>2014–ലെ കേരള കർഷകമിത്ര സേന രൂപീകരണ ബിൽ</u>

<u>മി. സ്പീക്കർ:</u> ശ്രീ. എം. പി. വിൻസെന്റ്, അങ്ങേയ്ക്ക് 2014–ലെ കേരള കർഷകമിത്ര സേന രൂപീകരണ ബില്ലിന്റെ അവതരാണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. എം. പി. വിൻസെന്റ്</u> : സർ, ഞാൻ 2014–ലെ കേരള കർഷകമിത്ര സേന രൂപീകരണ ബില്ലിന്റെ അവതരാണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

## (iii) 2014-ലെ കേരള കർഷകമിത്ര സേന രൂപീകരണ ബിൽ

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, വളരെ അത്യാവശ്യമുള്ള ഒരു ബില്ലാണ് അദ്ദേഹം പറഞ്ഞത്. പക്ഷെ അതിനുവേണ്ട നടപടികളൊക്കെത്തന്നെ സർക്കാർ ആരംഭിച്ചിരുന്നു. കേരള സംസ്ഥാനത്ത് കാർഷിക രംഗത്ത് ആളുകൾ കുറഞ്ഞുവരുന്നത് കൃഷിയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഇത് തടയുവാൻ ഓരോ കൃഷിഭവനിലും സർക്കാർ ശമ്പളത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു കർഷക മിത്രസേന രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ബില്ലിന്റെ പരിശോധനയിൽ, ബില്ലിലുണ്ടായിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് കൃഷിവകുപ്പിൽ ഇപ്പോൾതന്നെ പദ്ധതികൾ നിലവിലുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്ക് പഞ്ചായത്തുകളിൽ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഒരു ബ്ലോക്ക് പഞ്ചായത്തിൽ 25 ഉം 15 ഉം വീതമുള്ള കർമ്മസേനകളുണ്ട്. അതോടൊപ്പം തന്നെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളിൽ കൊടപ്പനക്കുന്ന് കൃഷിഭവൻ മോഡലിൽ കാർഷിക കർമ്മസേനയും പ്രവർത്തിച്ചുവരുന്നുണ്ട്. കഴിഞ്ഞ വർഷം ആഗസ്റ്റ് മാസം 16-ാം തീയതി (ചിങ്ങം ഒന്ന്) കർഷകദിനത്തിൽ ഇതിന്റെ മാർച്ച്പാസ്റ്റും പാസ്സിംഗ് ഔട്ട് പരേഡുമുണ്ടായിരുന്നു. ഹരിത സേന എന്നറിയപ്പെടുന്ന സേനകളും വേറെയുണ്ട്. പുതുക്കാട് ഒരു വിദ്യാലയത്തിൽ ജി.സി.സി. (ഗ്രീൻ കേഡർ കോഡ്) യുമുണ്ട്. അങ്ങനെ ഒട്ടേറെ സേന

കൾ ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. തെങ്ങിൽകയറുന്ന യന്ത്രങ്ങളടക്കമുപയോഗിച്ചുകൊണ്ട് തെങ്ങിൽക്കയറുന്ന ജോലിക്കുപോലും ഇന്ന് കർമ്മസേനയിലെ ആളുകളെ ലഭിക്കുന്നുണ്ട്. അതുകൊണ്ട് ഈ ബിൽ പ്രത്യേകമായി പരിഗണിക്കേണ്ടതില്ലായെന്നതാണ് പറയാനുള്ളത്.

**(iii) 2014-ലെ കേരള കർഷകമിത്ര സേന രൂപീകരണ ബിൽ**

മി. സ്പീക്കർ: ശ്രീ. എം.പി. വിൻസെന്റ്, ഗവണ്മെന്റിന്റെ നിലപാട് അറിയിച്ചുകഴിഞ്ഞു. അങ്ങേയ്ക്ക് എന്തെങ്കിലും സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാം.

ശ്രീ. എം.പി. വിൻസെന്റ്: സർ, നമ്മുടെ കാർഷിക രംഗം വളരെ പ്രാധാന്യത്തോടെ കാണേണ്ട ഒരു കാര്യമാണ്. കാരണം കൃഷിയിൽനിന്ന് പലരും അന്യംനിന്ന് പോയിക്കൊണ്ടിരിക്കുകയാണ്. അതിന്റെയൊക്കെ ഏറ്റവും പ്രധാനപ്പെട്ട കാരണം കൃഷിചെയ്യാനുള്ള തൊഴിലാളികളുടെ കുറവാണ്. അതുകൊണ്ടാണ് ഞാൻ ഈയൊരു പ്രത്യേക ബിൽ അവതരിപ്പിക്കാൻ തയ്യാറായത്. മന്ത്രി പറഞ്ഞ കാര്യങ്ങളൊക്കെ സത്യമാണ്. കുറേ കാര്യങ്ങൾ നിലവിൽ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അക്കാര്യത്തിൽ ഞാൻ മന്ത്രിയെ പ്രശംസിക്കുകയാണ്. ഫലത്തിൽ എവിടെയും വേണ്ടരീതിയിലുള്ള പ്രവർത്തനം നടക്കുന്നില്ല. അതിന് നിയമംവഴി ഒരു കേന്ദ്രീകൃത രൂപമുണ്ടാക്കി കേരളത്തിൽ ആകമാനം ഭദ്രത ഉണ്ടാക്കണമെന്ന ഉദ്ദേശ്യമാണ് ഇതിനകത്തുള്ളത്. അപ്പോൾ ജോലിയില്ലാത്തവർക്ക് ജോലി കിട്ടുന്നതിനോടൊപ്പംതന്നെ കർഷകരംഗത്ത് പ്രവർത്തിക്കാൻ കൂടുതൽ ആളുകൾ കൂടിവരുന്ന ഒരവസ്ഥയുണ്ടാകും. കേരളത്തിലെ കർഷകർ നേരിടുന്ന വലിയൊരു പ്രതിസന്ധിയാണ്

തൊഴിലാളികളുടെ ലഭ്യതക്കുറവ്. കർഷകർക്ക് തൊഴിലാളികളെ ലഭ്യമാക്കുവാനും സർവ്വോപരി അഭ്യസ്തവിദ്യരായ ആളുകളെ കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും എംപ്ലോയ്മെന്റ് നിയമനത്തിലൂടെ കൃഷിയിലേയ്ക്ക് കൂടുതൽ അളുകളെ ആശ്രയിക്കാനും ഉദ്ദേശിച്ചുള്ള ഈ ബിൽ കൃഷിയുടെ മഹത്വം ഉയർത്തിപ്പിടിക്കാൻ കഴിയും. സർക്കാരിന് അധിക സാമ്പത്തിക ബാധ്യതവരാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഈ സേന രൂപീകരിച്ച് നടപ്പിലാക്കാൻ കഴിയാവുന്നതാണ്. തുടർന്ന് അത് ചർച്ചയിലുൾപ്പെടുത്തി കാര്യങ്ങളിലോട്ട് വരണമെന്നാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ : ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

## (iv) 2014-ലെ കേരള ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികളുടെ സംരക്ഷണം ഉറപ്പാക്കൽ അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. എം.പി. വിൻസെന്റ്: സർ, 2014-ലെ കേരള ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികളുടെ സംരക്ഷണം ഉറപ്പാക്കൽ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാലോട് രവി : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ബുദ്ധിമാന്ദ്യമുൾപ്പെടെയുള്ള അവശതയനുഭവിക്കുന്ന അംഗപരിമിതരുടെ സംരക്ഷണത്തിനായി 1995-ലെ Persons with Disabilities Act-ഉം 1999-ലെ National Trust for Welfare of persons with Autism Cerebral Palsy Mental Retardation and Multiple Disabilities Act ഉം നിലവിലുണ്ട്.

ഈ നിയമങ്ങളുടെ വ്യവസ്ഥകൾ പ്രകാരം സർക്കാർ നല്കുന്ന ഫണ്ടിന്റെ വിനിയോഗത്തിന്റെ മേൽനോട്ടത്തിനും അവകാശങ്ങൾ ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ നിയമിക്കുന്ന കമ്മീഷന് ബാധ്യതയുണ്ട്. കൂടാതെ 1995 –ലെ നിയമപ്രകാരം ഇത്തരക്കാരെ പുനരധിവസിപ്പിക്കുകയെന്നത് സംസ്ഥാന സർക്കാരിന്റെ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാധ്യത യാണ്. 1991–ലെ നിയമപ്രകാരം ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ സംരക്ഷണ ത്തിനുവേണ്ടി ഗാർഡിനെ നിയമിക്കേണ്ടത് പ്രസ്തുത നിയമപ്രകാരം രൂപീ കരിക്കപ്പെട്ട ബോർഡാണ്. ഈ കേന്ദ്ര നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരു ദ്ധമാണ് കരടുബില്ലിലെ വ്യവസ്ഥകൾ. മേൽ പ്രസ്താവിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ 2014–ലെ കേരള ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികളുടെ സംരക്ഷണം ഉറപ്പാക്കൽ അതോറിറ്റി രൂപീകരണ ബിൽ രൂപീകരിക്കേണ്ട തുണ്ട് എന്ന് സർക്കാർ കരുതുന്നില്ല.

## (iv) 2014–ലെ കേരള ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികളുടെ സംരക്ഷണം ഉറപ്പാക്കൽ അതോറിറ്റി രൂപീകരണ ബിൽ

മി. സ്പീക്കർ: ശ്രീ. എം. പി. വിൻസെന്റ്, ഗവണ്മെന്റിന്റെ നിലപാട് അറിയിച്ചുകഴിഞ്ഞു. അങ്ങേയ്ക്ക് എന്തെങ്കിലും സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാം.

ശ്രീ. എം. പി. വിൻസെന്റ് : സർ, നമ്മുടെ സമൂഹത്തിലെ ഏറ്റവും ഗൗര വമുള്ള ഒരു കാര്യമാണ് ഞാൻ സഭയുടെ മുമ്പിൽ ഈ ബില്ലായി അവതരിപ്പി ച്ചത്. കേരള സർക്കാരിന്റെ ഭാഗത്തുനിന്നും കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുമൊക്കെ നിയമങ്ങളും പരിരക്ഷയുമൊക്കെ പറയുന്നുണ്ടെങ്കിലും പല നിലയ്ക്കും ജനങ്ങൾക്ക് അത് ലഭിക്കുന്ന കാര്യത്തിലൊരു ഉറപ്പ് ഉണ്ടാകു

ന്നില്ല. പല കാരണങ്ങൾകൊണ്ടും ബുദ്ധിമാന്ദ്യം സംഭവിച്ച വ്യക്തികൾക്ക് അവരുടെ കുടുംബത്തിൽ അല്ലെങ്കിൽ സമൂഹത്തിലുണ്ടാകുന്ന വേർതിരിവ് വളരെയധികം വിഷമമുണ്ടാക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ടുതന്നെ യാണ് ഇത്തരം വ്യക്തികളുടെ സംരക്ഷണം ഉറപ്പാക്കണമെന്ന രൂപത്തിൽ ഈ ബിൽ ഞാനിവിടെ അവതരിപ്പിച്ചത്. കേരളത്തിൽ ബുദ്ധിമാന്ദ്യം സംഭ വിച്ച വ്യക്തികളുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുകയും അവരെ ശരി യായി സംരക്ഷിക്കാതിരിക്കുകയും ചെയ്യുന്ന ബന്ധുക്കളുടെ എണ്ണം കൂടി ക്കൊണ്ടിരിക്കുകയാണ്. ഇത് ഏറ്റവും വലിയൊരു വിഷയമായിരിക്കുന്നു. ഇതനുഭവിക്കുന്ന കുട്ടികളായാലും വലിയവരായാലും സ്ത്രീകളായാ ലുമെല്ലാം വ്യാപകമായ വിഷമത്തിന്റെ നീർക്കടലിലാണ്. അതിൽനിന്നൊരു മോചനം കിട്ടാൻ നമ്മുടെ സർക്കാർ തീർപ്പ് കല്പിക്കുന്ന രീതിയിലൊരുറപ്പ് നല്കേണ്ടതുണ്ട്. സർക്കാരിൽനിന്ന് കുടുംബ പെൻഷൻ ലഭിക്കുന്ന മന്ദബു ദ്ധികളായ ആളുകളുടെ അവസ്ഥ വിഭിന്നമല്ല. സർക്കാർ ആനുകൂല്യ ങ്ങളൊക്കെകൊടുക്കുന്നുണ്ടെങ്കിലും അവർക്ക് ലഭിക്കുന്ന പെൻഷൻ ശരി യായി വിനിയോഗിക്കപ്പെടുന്നുണ്ടോ എന്നുറപ്പുവരുത്തേണ്ട ബാധ്യതകൂടി സർക്കാരിനുണ്ട്. ഇത്തരം കാര്യങ്ങൾ ശരിയായി വിനിയോഗിക്കാത്തവ രിൽനിന്ന് ഈ തുക പലിശയടക്കം തിരിച്ചുപിടിക്കാനും മന്ദബുദ്ധികളായ ഇത്തരം ആളുകളുടെ സംരക്ഷണം സർക്കാർ ഏറ്റെടുക്കുവാനും വ്യവസ്ഥ ചെയ്യുന്ന ഈ ബിൽ നിലവിലെ സർക്കാർ സംവിധാനം ശരിയായ കോ-ഓർഡിനേഷൻ വഴി സാധ്യമാക്കാൻ കഴിയും. സമൂഹത്തെ കാർന്നുതിന്നു കൊണ്ടിരിക്കുന്ന ഈ വിഷയത്തിന് വിലകല്പിച്ചുകൊണ്ടുതന്നെ ഈ സഭ ഇതിൽ തീർപ്പുകല്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

## (v) 2011-ലെ കേരള ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷണ നിയന്ത്രണ ബിൽ

ശ്രീ. എം. ഹംസ: സർ, 2011-ലെ കേരള ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷണ നിയന്ത്രണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ദാസൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇന്ത്യൻ ഭരണഘടനയുടെ 7-ാം ഷെഡ്യൂളിൽ യൂണിയൻ ലിസ്റ്റിൽ 97-ാം അനുച്ഛേദപ്രകാരം മറ്റൊരു ലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ലാത്ത കാര്യങ്ങളെ സംബന്ധിച്ച് നിയമനിർമ്മാണത്തിനുള്ള അധികാരം കേന്ദ്രഗവൺമെന്റിൽ നിഷിപ്തമാണ്. പരിസ്ഥിതിയെന്ന വിഷയം സംസ്ഥാന ലിസ്റ്റിലോ കൺകറന്റ് ലിസ്റ്റിലോ ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ട് ഇതിന്റെ ലെജിസ്ലേറ്റീവ് കോമ്പിറ്റൻസിതന്നെ ചോദ്യം ചെയ്യാം. ഈ വിഷയത്തെ സംബന്ധിച്ച് വിവിധ രൂപങ്ങളിൽ പാസ്സാക്കിയ 20 നിയമങ്ങൾ ഇപ്പോൾതന്നെ നിലവിലുണ്ട്. സമയച്ചുരുക്കംകാരണം ആ നിയമങ്ങളുടെ പേരൊന്നും ഞാൻ വായിക്കുന്നില്ല. നിർദ്ദിഷ്ട ബില്ലിൽ വ്യവസ്ഥ ചെയ്യുന്ന പഞ്ചായത്ത്-മുനിസിപ്പൽ കമ്മിറ്റികൾ, വിദഗ്ദ്ധ സമിതികൾ എന്നിവ ജൈവ വൈവിദ്ധ്യ നിയമത്തിൽ കൂടുതൽ അധികാരങ്ങളോടുകൂടി

വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജൈവ വൈവിദ്ധ്യ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി സംസ്ഥാനത്ത് 978 ഗ്രാമ പഞ്ചായത്തിലും 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും രൂപീകരിച്ചുകഴിഞ്ഞു. ഈ നേട്ടം കൈവരിച്ച ഇന്ത്യയിലെ പ്രഥമ സംസ്ഥാനം കേരളമാണ് എന്നുള്ളത് ഞാൻ ഓർമ്മിപ്പിക്കുകയാണ്. അന്താരാഷ്ട്ര ഉടമ്പടിയായ ജൈവ വൈവിദ്ധ്യ കൺവെൻഷൻ പ്രകാരം ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാന നിയമസഭ നിയമം പാസ്സാക്കിയാലും നമുക്ക് ലംഘിക്കുവാൻ സാധ്യമല്ല. പരിസ്ഥിതി നിയമങ്ങൾ ലംഘിക്കുന്നവർക്ക് 7 വർഷം വരെ തടവും ഒരുലക്ഷം രൂപവരെ പിഴയും 5000 രൂപവരെ പ്രതിദിന പിഴയും വിധിക്കാനും പരിസ്ഥിതി ആഘാത പരിഹാരത്തിനുള്ള തുക കുറ്റക്കാരിൽനിന്ന് ഈടാക്കാനുമുള്ള വ്യവസ്ഥകൾ ഇപ്പോൾ നിലവിലുണ്ട്. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാംകൂടിനോക്കി ലെജിസ്ലേറ്റിവ് കോമ്പിറ്റൻസികൂടി ഇല്ലാത്ത സാഹചര്യത്തിൽ കേരള നിയസഭയിൽ ഈ ബിൽ കൊണ്ടുവരുന്നതുകൊണ്ട് അത് infectious ആയിപ്പോകും. അതുകൊണ്ട് ഈ ബിൽ പിൻവലിക്കണമെന്നതാണ് എന്റെ അഭ്യർത്ഥന.

### (v) <u>2011-ലെ കേരള ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷണ നിയന്ത്രണ ബിൽ</u>

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഹംസ, ഗവണ്മെന്റിന്റെ നിലപാട് അറിയിച്ചുകഴിഞ്ഞു. അങ്ങേയ്ക്ക് എന്തെങ്കിലും സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാം.

ശ്രീ. എം. ഹംസ : സർ, വളരെ ശക്തമായിട്ടാണ് മന്ത്രി ഇതിനെ എതിർത്തത്. 20 ഓളം നിയമങ്ങളെക്കുറിച്ചിവിടെ പറഞ്ഞു, ഇത് ഭരണഘടനാപരമായി നിലനില്ക്കില്ലായെന്നു പറഞ്ഞു. ഇതെല്ലാമുണ്ടെങ്കിലും കേരളം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കോ–ഓർഡിനേഷനോടുകൂടിയുള്ള ........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ അങ്ങയുടെ സ്പിരിറ്റ് അംഗീകരിച്ചുകൊണ്ടുതന്നെയാണ് പറയുന്നത്. നിലനിൽക്കുന്ന നിയമത്തിനകത്ത് ഇതെല്ലാം കവർ ചെയ്യുന്നുണ്ട്. അതുകൊണ്ടാണ് repetition of the law ആവശ്യമില്ലായെന്ന് പറയാൻ കാരണം.

ഇതെല്ലാം ഉണ്ടെങ്കിലും ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല. ആ പ്രശ്നങ്ങളെ അഡ്രസ് ചെയ്യാതെ പോകാൻ പറ്റില്ല. കേരളത്തിലെയും ഇന്ത്യയിലെയും ഒക്കെ സ്ഥിതികൾ പരിശോധിച്ചുകൊണ്ട് ഉചിതമായതും മാതൃകാപരമായതുമായ നല്ല നിയമ നിർമ്മാണങ്ങൾ ഇനിയും അനിവാര്യ മാണ്. നിമയനിർമ്മാണങ്ങൾ അനിവാര്യമാണെന്നതിന്റെ തെളിവാണ് ഓരോയിടത്തും കണ്ടുകൊണ്ടിരിക്കുന്ന സ്ഥിതികൾ. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പ്രകൃതി ആഘാതമുണ്ടാക്കാത്ത സുസ്ഥിര വികസനം ലക്ഷ്യമിട്ടിരുന്നു. എങ്കിലും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം അവിടേയ്ക്കെത്തിയില്ല എന്നുമാത്രമല്ല പ്രകൃതി വല്ലാത്ത രൂപത്തിൽ പ്രതികരിച്ചുകൊണ്ടിരിക്കുകയാണ്. അമിതമായ സൂര്യതാപം, മഴയുടെ കുറവ്, ഉരുൾപൊട്ടൽ, ഇടിമിന്നൽ, ഭൂമികുലുക്കം തുടങ്ങിയ ഒരുപാട് പ്രത്യാഘാതങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ പ്രത്യാഘാതങ്ങൾക്കെല്ലാം

കാരണം മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്തതാണ്. ഈ വർഷം തന്നെ സൂര്യതാപമേറ്റവരുടെ എണ്ണം 100 കഴിഞ്ഞിരിക്കുകയാണ്. താപനില 41–42 ഡിഗ്രി വരെയായിട്ടുണ്ട്. പാലക്കാട് 43 ഡിഗ്രിവരെയായിരിക്കുകയാണ്. 1995 –ന് ശേഷമാണ് ഈരൂപത്തിലുള്ള മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെങ്കിൽ വനം സംരക്ഷിക്കപ്പെടണം. വനത്തിന്റെ വിസ്തൃതി സംരക്ഷിക്കപ്പെടുന്ന കാര്യത്തിൽ കേരളം ഏറെ പരാജയമാണ്. 38854 ചതരുശ്ര കിലോമീറ്റർ വനമുണ്ടായിരുന്ന കേരളത്തിൽ കണക്ക് പ്രകാരം 2001–ൽ 15560 ചതുരശ്ര കിലോമീറ്ററും ഇപ്പോൾ 2005–ൽ 11244 ആയുംചുരുങ്ങി. വനം സംരക്ഷിക്കപ്പെടാൻ എന്ത് സംവിധാനമാണ് ഇവിടെയുള്ളത്. മാത്രമല്ല പാറമടകൾ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എണ്ണായിരത്തോളം പാറമടകൾ ഉപയോഗിച്ച് കഴിഞ്ഞ് ഊർക്കാതെകിടക്കുകയാണ്. അതിൽപ്പെട്ട് 1037 പേർ മരണപ്പെട്ടത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുണ്ടാകും. 4100 പാറമടകൾക്കാണ് ലൈസൻസുള്ളത്. ഒരു പഠന റിപ്പോർട്ടിൽ പറയുന്നു ലൈസൻസുള്ള പാറമടകളിൽ തന്നെ റോയൽറ്റി സംവിധാനത്തിന്റെ പോരായ്മ കൊണ്ട് 800 കോടി രൂപ കേരളത്തിന് നഷ്ടമുണ്ടെന്നാണ്. ഇതിനെല്ലാം ഈ ബില്ലിൽ പരിഹാരം കാണാൻ കഴിയും. 1800 പാറമടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്നാണ് കണക്ക്. 1800 പാറമടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുകയും പാറമടകളിൽ തന്നെ 8000 എണ്ണം

ഊർക്കാതിരിക്കുകയുമാണ്. അതിന്റെ ഭാഗമായി മനുഷ്യർ ഇവിടെ മരണപ്പെടുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താങ്കൾ പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുകയാണ്. അനധികൃത പാറമടകളെ സംബന്ധിച്ച് ഗവൺമെന്റ് നിശ്ചയമായും ഒരു തീരുമാനം എടുക്കുകയും അതിനുമേൽ നടപടി എടുക്കുകയും ചെയ്യും.

ശ്രീ. എം. ഹംസ: വേനൽമഴ വല്ലാത്ത ദുരന്തം കേരളത്തിലുണ്ടാക്കി. 20 പേർ മരണപ്പെട്ടു. 280 വീടുകൾ നശിച്ചു. കൃഷി നശിച്ചത് വേറെ. കഴിഞ്ഞകാലത്ത് ഉണ്ടായ വർഷകാല നഷ്ടം ചെറുതല്ല. 891 ഗ്രാമമാണ് വെള്ളത്തിലായത്. 8 ഉരുൾപൊട്ടലുകളിൽ 131 പേരാണ് മരിച്ചത്. ഇങ്ങനെയുള്ള വലിയ പ്രതിസന്ധിയെ കേരളം അഭിമുഖീകരിക്കുകയാണ്. ഇതിന് വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള നല്ല കോ-ഓർഡിനേഷൻ വേണം. അതായത് പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല സമിതികൾ വേണം. സയന്റിസ്റ്റുകളും ജനപ്രതിനിധികളും വേണം. ഇവയെല്ലാം ചേർന്നുകൊണ്ടുള്ള ഒരു സമിതിയാണ് ഞാൻ നിർദ്ദേശിക്കുന്നത്.

മി. സ്പീക്കർ: ചർച്ച തുടരാവുന്നതാണ്

(ചർച്ച തുടരും)

ശ്രീ. എ. കെ. ബാലൻ: 2014-ലെ കേരള സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സംവരണം ഏർപ്പെടുത്തൽ ബിൽ ഉണ്ട്. സാധാരണ നിലയിൽ ആതറൈസേഷൻ പറ്റില്ല.

എന്നാൽ സ്പീക്കർ വിചാരിച്ചാൽ ഡിസ്ക്രീഷനറി പവർ ഉപയോഗപ്പെടുത്തി പ്രമേയം അവതരിപ്പിക്കാനുള്ള ഒരു അധികാരം തന്നു കഴിഞ്ഞാൽ ഈ ബിൽ അടുത്തതിൽ വരും. കാരണം ഇത് വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണെന്നത് ബഹുമാനപ്പെട്ട സ്പീക്കർക്കറിയാമല്ലോ. അല്ലെങ്കിൽ വോട്ടിൽ എനിക്ക് ഇത് കിട്ടണം.

മി. സ്പീക്കർ: താങ്കളുടെ അടുത്ത് തന്നെ മുൻ സ്പീക്കർ ഇരിക്കുന്നുണ്ടല്ലോ. അദ്ദേഹത്തിനറിയാമല്ലോ. അത്തരം ഒരു അധികാരം സ്പീക്കർക്ക് ഇക്കാര്യത്തിൽ എടുക്കാൻ സാദ്ധ്യമല്ല. ഈ ബിൽ നഷ്ടപ്പെടാതിരിക്കലല്ലേ വേണ്ടത്. അതുനമുക്ക് ആലോചിക്കാം.

ശ്രീ. റ്റി. എൻ. പ്രതാപൻ: ഈ ബിൽ വീണ്ടും നറുക്കെടുപ്പിന് വരും

മി. സ്പീക്കർ: ഒരുപാട്പേരൊന്നും നറുക്കെടുപ്പിന് വരാറില്ല.

## (vii) 2012–ലെ കേരള വയോജന കമ്മീഷൻ ബിൽ

ശ്രീ. റ്റി. എൻ. പ്രതാപൻ: 2012 ലെ കേരള വയോജന കമ്മീഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സംസ്ഥാനത്ത് അവകാശികളാലും ആശ്രിതരാലും അവഗണിക്കപ്പെടുന്ന അഗതികളും അശരണരുമായ വൃദ്ധജനങ്ങളുടെ പരാതി കേൾക്കുന്നതിനും അവരുടെ അവകാശങ്ങൾ നിയമപരമായി സംരക്ഷിക്കുന്ന

തിനും വേണ്ടി വ്യവസ്ഥ ചെയ്യുന്ന ഒരു പ്രൈവറ്റ് ബില്ലാണ് ബഹുമാനപ്പെട്ട ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹമിത് 2012 ൽ തന്നെ അവതരിപ്പിച്ചിട്ടുള്ളതാണ്. അന്ന് തന്നെ അതിലൂടെ കണ്ണോടിക്കുകയും അതിലെ കുറേ കാര്യങ്ങൾ യാഥാർത്ഥ്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് സംസ്ഥാനത്ത് ഈ പറഞ്ഞ രീതിയിൽ ഒരു കമ്മീഷൻ വേണമോയെന്ന് പരി ശോധിക്കുകയുമുണ്ടായി. രണ്ട് പരിശോധനകളാണുണ്ടായത്. ഇതിനുവേണ്ടി ഒരു ഓൾഡ് ഏജ് കൺട്രോൾ ബോർഡ് വേണമോ, കമ്മീഷൻ വേണമോ എന്നത്. അവസാനം ഇത് രണ്ടും പരിശോധിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിക്കാൻ വേണ്ടി ക്യാബിനറ്റ് തീരുമാനിച്ചു. അതനുസരിച്ച് സ്പെഷ്യൽ ഓഫീസറെ നിയോഗിക്കാനുള്ള തീരുമാനം ആയി. എന്നാൽ ഇപ്പോൾ നിയോഗിച്ച ആൾ റെസിഗ്നേഷൻ തന്നതുകൊണ്ട് വീണ്ടും പുനഃപരി ശോധിച്ചുകൊണ്ടിരിക്കുകയാണ്. സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുള്ള നിർദ്ദേശം കൺട്രോൾ ബോർഡ് കൊണ്ടുവരണോ അതോ കമ്മീഷൻ കൊണ്ടു വരണോ എന്ന് പരിശോധിക്കലാണ്. അതിൻമേലുള്ള റിപ്പോർട്ട് തന്നുകഴിഞ്ഞാൽ കമ്മീഷനാണ് ഉചിതം എന്നു കണ്ടുകഴിഞ്ഞാൽ അത് നടപ്പാക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകും. 2013 –ൽ നമ്മൾ മുതിർന്ന പൗരൻമാർക്കുവേണ്ടിയുള്ള നയം പ്രഖ്യാപിച്ചു. പ്രസ്തുത നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള പരിപാടികൾ അടിസ്ഥാന മാക്കി കർമ്മ പദ്ധതി രൂപീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാ രുടെ ഒരു സമിതി രൂപീകരിക്കുമെന്ന് നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. നയവും കർമ്മപദ്ധതിയും നടപ്പിലാക്കുന്നതിന് സെക്രട്ടേറിയേറ്റ് തലത്തിലും ഡയറക്ട റേറ്റ് തലത്തിലും സെൽ രൂപീകരിക്കുന്നതിനും നിർദ്ദേശമുണ്ട്. കൂടാതെ

മുഖ്യമന്ത്രി രക്ഷാധികാരിയും സാമൂഹ്യനീതി വകുപ്പുമന്ത്രി ചെയർപേഴ്സണുമായി മുതിർന്നവർക്കുള്ള സംസ്ഥാന കൗൺസിലും ജില്ലാ കളക്ടർ ചെയർപേഴ്സണായി ജില്ലാതല കൗൺസിലും രൂപീകരിക്കുന്നതിനും നിർദ്ദേശമുണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇവരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി ആർ.ഡി.ഒ. മാരെ മെയിന്റനൻസ് ട്രിബ്യൂണലുകളായും ജില്ലാ കളക്ടർമാരെ അപ്പലേറ്റ് ട്രിബ്യൂണലുകളായും നിയമിച്ചുകൊണ്ട് നിലവിൽ പ്രത്യേക സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഇത്രയും കാര്യങ്ങൾ പുതുതായി മുതിർന്ന പൗരൻമാർക്കുവേണ്ടി നടപ്പിലാക്കി വരികയാണ്. അവരെ പരിപൂർണ്ണമായി സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

## (vii) 2012-ലെ കേരള വയോജന കമ്മീഷൻ ബിൽ

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, വളരെ സന്തോഷം. 2012 ൽ ഞാൻ ഇത്തരമൊരു ബില്ലിന് നോട്ടീസ് കൊടുത്ത് ആ സന്ദർഭത്തിൽ തന്നെ ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായി ആശയ വിനിമയം നടത്തിയിരുന്നതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ കേരള വയോജന കമ്മീഷനെ നിയമിക്കാൻ വേണ്ടി സ്പെഷ്യൽ ഓഫീസറെ നിയമിച്ചുവെന്നതിന് ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിക്കുകയാണ്. സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന ബില്ലിനെ അതേ ഉദ്ദേശത്തോടുകൂടി വകുപ്പും മന്ത്രിയും ഗവൺമെന്റും ഉൾക്കൊണ്ടു എന്നതിനാൽ ഈ ബിൽ എന്തി

നാണോ സഭയിൽ നോട്ടീസ് കൊടുത്തത് അത് യാഥാർത്ഥ്യമായിരിക്കുന്നു. അതിനാൽ ഈ ബിൽ പൂർണ്ണമായതായി കണക്കാക്കുന്നു. സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിന് ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബിൽ വിത്ഡ്രോ ചെയ്യുന്നു.

മി. സ്പീക്കർ: സഭയുടെ അനുമതിയോടുകൂടി ബിൽ പിൻവലിച്ചിരിക്കുന്നു.

## (viii) **2012-ലെ കേരള സ്ത്രീകൾ, കുട്ടികൾ എന്നിവർക്കെതിരെയുള്ള അതിക്രമ നിരോധന ബിൽ**

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഈ ബില്ലിന് 2012-ൽ തന്നെ നോട്ടീസ് കൊടുത്തതാണ്. 2012-ലെ കേരള സ്ത്രീകൾ, കുട്ടികൾ എന്നിവർക്കെതിരെയുള്ള അതിക്രമ നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 2012-ലെ കേരള സ്ത്രീകൾ, കുട്ടികൾ എന്നിവർക്കെതിരെയുള്ള അതിക്രമ നിരോധന ബിൽ ഭാരതത്തിന്റെ ഭരണഘടനയുടെ സമവർത്തി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാൽ ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്തുവാൻ സംസ്ഥാന നിയമസഭകൾക്ക് അധികാരമുണ്ട്. ബില്ലിലെ വ്യവസ്ഥകൾ മൗലികാവകാശങ്ങളുടെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതിനാൽ രാഷ്ട്രപതിയുടെ മുൻകൂർ അനുമതിയും ആവശ്യമില്ല. എന്നാൽ ബില്ലിലെ വ്യവസ്ഥകളിൽ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള 2005-ലെ

Commission of Child Rights Act-ലെയും 2009–ലെ Juvenile Justice Act–ലെയും 2005–ലെ Protection of Women from Domestic Violence Act–ലെയും 2012–ലെ Protection of Children's from Sexual Offences Act–ലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായ ചില വ്യവസ്ഥകളുണ്ട്. ഇത്തരം ഒരു നിയമം സഭ പാസ്സാക്കിയാലും അതിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ ആയത് നിയമമാകുകയുള്ളൂ. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ സംബന്ധിച്ച് ആവശ്യമായ പുതിയ നിയമങ്ങളും ഇന്ത്യൻ ശിക്ഷാ നിയമത്തിൽ ആവശ്യമായ ഭേദഗതികളും ഉണ്ടായിട്ടുള്ള സ്ഥിതിക്ക് 2012–ലെ കേരള സ്ത്രീകൾ, കുട്ടികൾ എന്നിവർക്കെതിരെയുള്ള അതിക്രമ നിരോധന ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഒരു പുതിയ നിയമം രൂപവത്ക്കരിക്കേണ്ടതില്ലെന്ന് സർക്കാർ കരുതുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഇത് ശരിയല്ല. നിലവിൽ ഇപ്പറയുന്ന നിയമങ്ങൾ ഉണ്ടെങ്കിലും ഇപ്പോഴും സ്ത്രീകളും കുട്ടികളും വളരെയേറെ പീഡിപ്പിക്കപ്പെടുകയാണ്. രാജ്യവ്യാപകമായി പീഡിപ്പിക്കപ്പെടുന്നു, ഉത്തർപ്രദേശിൽ നിന്നുള്ള വാർത്തകൾ എല്ലാ ദിവസവും കണ്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പഠനശാലകളിലും തൊഴിൽശാലകളിലുമെല്ലാം ഇത് തുടരുകയാണ്. യാത്ര ചെയ്യുന്ന സ്ഥലങ്ങളിലെല്ലാം ഈ പീഡാനുഭവങ്ങൾ ഇന്ന് നിലവിലുണ്ട്. ഇത് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കണം......, ഏത് ബില്ലും അങ്ങനെയാണല്ലോ, സഭ പാസ്സാക്കി രാഷ്ട്രപതിക്ക് നൽകി അവിടെ നിന്ന് അംഗീകാരം വാങ്ങിക്കുകയാണല്ലോ വേണ്ടത്. സ്ത്രീകൾക്കും കുട്ടികൾക്കും പൂർണ്ണമായും സുരക്ഷിതത്വം ഉറപ്പുവരുത്തുക, അവരെ സംരക്ഷിക്കുക എന്നുള്ളതാണ് സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട

ചുമതല. അതിന് ബാദ്ധ്യതപ്പെട്ട നിലയിൽ നിയമം അപര്യാപ്തമാണെന്നുള്ള തുകൊണ്ടാണ് ഇത്തരത്തിലൊരു ബിൽ തന്നെ നിയമസഭയിൽ കൊണ്ടു വരാൻ ഇടയായിട്ടുള്ളത്. അതിക്രമങ്ങൾ വർദ്ധിക്കുകയാണ്. ഓരോ വർഷവും റേഷ്യോ എടുത്തു നോക്കുമ്പോൾ വർദ്ധിച്ചു വർദ്ധിച്ചുവരിക യാണ്. പലപ്പോഴും ദുർബലമായ പോലീസ് ആക്ട് ഉപയോഗിച്ച് ദുർബല മായ വകുപ്പുകൾ ചുമത്തി കേസുകൾ എടുത്താൽ പോലും അവരെല്ലാം കോടതികളിൽ നിന്നും രക്ഷപ്പെട്ടുപോകുകയാണ്. പലതിലും പോലീസ് സ്റ്റേഷനുകളിൽ നിന്ന് തന്നെ അവർക്ക് ആവശ്യമായ ജാമ്യം കൊടുത്ത് കേസുകൾ ദുർബലമാകുകയാണ്. അതുകൊണ്ട് നിർബന്ധമായും ഇത്തര ത്തിലൊരു നിയമം അനിവാര്യമാണ്. ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പു മന്ത്രി ഇക്കാര്യം ഒന്നുകൂടി പുനഃപരിശോധിക്കണം. ഇത് വകുപ്പിൽ നിന്നുള്ള മറുപടിയാണ്. അങ്ങ് നേരത്തെ എടുത്ത വയോജനങ്ങളോട് കാണിച്ച സമീ പനം എന്തുകൊണ്ടാണ് സ്ത്രീകളോടും കുട്ടികളോടും കാണിക്കാത്തത് എന്ന് മനസ്സിലാകുന്നില്ല. വയോജനങ്ങളുടെ കാര്യത്തിൽ അങ്ങ് ഉദാരമനസ്സ് എടുത്തു, അതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചു, നല്ല കാര്യം. എന്തിന് ഈ സ്ത്രീകളോടും കുട്ടികളോടും പരിഭവം? അദ്ദേഹം സ്ത്രീ വിരോധിയല്ല, അദ്ദേഹം മാതാവിനെയും പെങ്ങളെയും ഭാര്യയെയും സ്നേഹി ക്കുന്നയാളാണ്. പക്ഷേ എന്നിട്ടുപോലും......,

ഡോ. എം. കെ. മുനീർ: സർ, കേന്ദ്രത്തിന്റേതായി നിലവിലുള്ള നിയമ ങ്ങൾ എൻഫോഴ്സ് ചെയ്താൽ തന്നെ ഇവിടത്തെ സ്ത്രീകളും കുട്ടികളും രക്ഷപ്പെടും. ധാരാളം നിയമങ്ങളുണ്ടാവുക എന്നതിനേക്കാൾ ഉള്ള നിയമ ങ്ങൾ എൻഫോഴ്സ് ചെയ്യാൻ വേണ്ടിയുള്ള സംവിധാനങ്ങളുണ്ടാക്കുക എന്നതിന് പ്രാധാന്യം കൊടുക്കണം. ഇപ്പോഴുള്ള നിയമങ്ങൾ എൻഫോഴ്സ്

ചെയ്യുന്നതിനുള്ള എല്ലാ സംവിധാനങ്ങളുമുണ്ടാക്കിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ ഒരു സംസ്ഥാനമായി വരുംനാളുകളിൽ കേരളത്തെ മാറ്റിയെടുക്കാൻ സാധിക്കും. അതിനുവേണ്ടിയുള്ള എല്ലാ സംവിധാനങ്ങളുമുണ്ട്, എല്ലാവരും സഹകരിക്കണം.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, 'സ്നേഹപൂർവ്വം' ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച ആളാണ് ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രി. ഇതൊക്കെയാണെങ്കിലും കുട്ടികളുടെ കാര്യം ഇപ്പോഴും സുരക്ഷിതമല്ല. നമ്മുടെ സംസ്ഥാനത്തെ കുട്ടികൾ പീഡിപ്പിക്കപ്പെടുന്നത് ബഹുമാനപ്പെട്ട ചെയറിനും അറിയാം. അതുകൊണ്ട് ഈ ബിൽ തുടരണം. തുടർചർച്ചയ്ക്കുവേണ്ടി സഭയിൽ നിൽക്കട്ടെ.

മി. സ്പീക്കർ: അങ്ങേയ്ക്ക് തുടരാവുന്നതാണ്.

(ചർച്ച തുടരും)

## (ix) 2011-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബിൽ

ശ്രീ. സാജു പോൾ: സർ, 2011-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കേരള ജലസംരക്ഷണ നിയമം 2003, അനുസരിച്ച് കേരളത്തിലെ എല്ലാ ജലസ്രോതസ്സുകളും സർക്കാരിന്റേതാണ്. ഇതനുസരിച്ചുള്ള സംരക്ഷണ പ്രവർത്തനങ്ങളാണ് ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നത്. 2011-ലെ കേരള ജലവിഭവ

സംരക്ഷണ പരിപാലന ബില്ലിൽ സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളും ഉൾപ്പെടുത്തിയിരുന്നു. ജലവിഭവ നിയന്ത്രണ ബോർഡ്/അതോറിറ്റി രൂപീകരിച്ച് ജലാശയങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം ഉറപ്പാക്കണമെന്നാണ് ബില്ലിലെ പ്രധാന നിർദ്ദേശം. എന്നാൽ കേരള സംസ്ഥാനത്തെ പ്രധാന ജലസ്രോതസ്സായ നദികളെയും തണ്ണീർത്തടങ്ങളെയും സംരക്ഷിക്കുന്നതിനായി കേരള ജലസേചന സംരക്ഷണ നിയമം 2003, ഭേദഗതി ചെയ്ത് സംസ്ഥാന നദി തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ബിൽ, ബിൽ നമ്പർ 184 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ആയത് നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. ടി ബില്ലിൽ സംസ്ഥാനത്തെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് വികേന്ദ്രീകൃതമായ ചുവടെ പറയുന്ന സംവിധാനങ്ങൾ ഉണ്ടാകണമെന്ന് വിവക്ഷ ചെയ്തിട്ടുണ്ട്.

1) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി.
2) നദീതട ബോർഡുകൾ.
3) തണ്ണീർത്തട വികസന ബോർഡുകൾ.

**(ix) <u>2011-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബിൽ</u>**

<u>ശ്രീ. സാജു പോൾ</u>: സർ, ഇവിടെ നിയമമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അംഗീകരിക്കുന്നു. ഇപ്പോഴും ഈ ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ - നമ്മുടെ റോഡുകളിൽ മുഴുവൻ വെള്ളം കെട്ടിക്കിടക്കുകയാണ്. ഭൂഗർഭ ജലസ്രോതസ്സുകൾ അന്യാധീനമായി കൊണ്ടിരിക്കുകയാണ്. നിയമസഭാ മന്ദിരത്തിന്റെ ചുറ്റും എം.എൽ.എ. ഹോസ്റ്റലിലും എല്ലാ മുറ്റങ്ങളും ടൈൽ വിരിച്ചും കല്ല് പാകിയും ഭൂഗർഭ ജലസ്രോതസ്സുകൾ

അന്യാധീനമാകുന്ന അവസ്ഥയുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനെല്ലാം ഒരു പ്രതിവിധി എന്ന നിലയ്ക്കാണ് ഈ ബിൽ. ഫലത്തിൽ കുടിവെള്ളം വലിയ പ്രശ്നമായിരിക്കുന്നു. അതിനെക്കാൾ രൂക്ഷമാണ് വെള്ളം കുടിയുടെ പ്രശ്നം. ഈ രണ്ടു പ്രശ്നവും രൂക്ഷമാക്കുന്ന സ്ഥിതിയല്ലാതെ നിലവിൽ നാട്ടിൽ......., വെള്ളം കുടിയുടെ പ്രശ്നം നിലവിൽ ബാറിൽ നിന്നും ആളുകൾ ബീവറേജസിൽ ക്യൂ മാറിയെന്നത് ഒഴിച്ചാൽ ഈ സർക്കാർ ചെയ്തത് വലിയ ഒരു ഉപകാരമാണ്. കുടിവെള്ളവുമില്ല, വെള്ളം കുടിയും നടക്കാത്ത അവസ്ഥ. എങ്ങനെ ആളുകൾ കഴിഞ്ഞുകൂടുമെന്നുള്ളത് പ്രധാന വിഷയമാണ്. ഞാൻ അതിന്റെ മറ്റു വശങ്ങളിലേയ്ക്ക് പോകുന്നില്ല. അതിന് ഉത്തരവാദികളായവർ ഇവിടെ ഇരിപ്പുണ്ട്. നിശ്ചയമായും ഈ ജല സ്രോതസ്സുകൾ അന്യാധീനമാകാതിരിക്കാനുള്ള കർശന നടപടിയുണ്ടാകണം. റോഡുകളിൽ വെള്ളം കെട്ടിക്കിടന്ന് റോഡുകൾ നശിക്കാതിരിക്കാനുള്ള സംവിധാനമാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ചർച്ച തുടരുന്നതാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് തുടരാവുന്നതാണ്.

(ചർച്ച തുടരും)

**(x) 2011-ലെ കേരള പാർപ്പിട രഹിതരുടെ ഭവനനിർമ്മിതിക്ക് ഭൂമി വാങ്ങുമ്പോൾ സൗജന്യ രജിസ്ട്രേഷൻ ഉപലബ്ധമാക്കൽ ബിൽ**

ശ്രീ. സാജു പോൾ: സർ, 2011-ലെ കേരള പാർപ്പിട രഹിതരുടെ ഭവനനിർമ്മിതിക്ക് ഭൂമി വാങ്ങുമ്പോൾ സൗജന്യ രജിസ്ട്രേഷൻ ഉപലബ്ധമാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 1959-ലെ കേരള മുദ്രപ്പത്രം നിയമം സംസ്ഥാനത്ത് മുദ്രപ്പത്രങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ ക്രോഡീകരിക്കുകയും ഭേദഗതി ചെയ്യുന്നതുമായ നിയമമാണ്. ഈ നിയമത്തിൽ കർണ്ണങ്ങൾക്ക് മുദ്രവില ചുമത്തേണ്ടതിനെപ്പറ്റിയും മുദ്രവില കണക്കാക്കുന്നതിനെപ്പറ്റിയും മുദ്രവില എങ്ങനെ അടയ്ക്കണമെന്നതിനെ സംബന്ധിച്ചും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഈ നിയമത്തിൽ 9(1)(എ) വകുപ്പ് അനുസരിച്ച് കർണ്ണങ്ങളിൽ ഈടാക്കേണ്ട മുദ്രവില കുറയ്ക്കുകയോ വിട്ടുകൊടുക്കയോ ചെയ്യുന്നത് പൊതുതാല്പര്യാർത്ഥം ആവശ്യമാണെന്ന് സർക്കാരിന് തോന്നുകയാൽ അപ്രകാരം ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെ ഈ വകുപ്പ് പ്രകാരം പൊതുതാല്പര്യാർത്ഥം ആവശ്യമാണെന്ന് തോന്നുന്ന സന്ദർഭത്തിൽ സർക്കാർ മുദ്രപ്പത്ര ഇളവുകൾ നൽകി ഉത്തരവ് പുറപ്പെടുവിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി വരുന്നുമുണ്ട്. രാജീവ് ദശലക്ഷം പദ്ധതി, ഇ.എം.എസ്. ഭവന പദ്ധതി ഇവയൊക്കെ ഉദാഹരണങ്ങളാണ്. ആയതിനാൽ ഭവനരഹിതരായ കുടുംബങ്ങൾ പാർപ്പിട ആവശ്യങ്ങൾക്ക് ഭൂമി വാങ്ങുമ്പോൾ സൗജന്യ രജിസ്ട്രേഷൻ അനുവദിക്കുന്നതിനും പുതിയ നിയമം നിർമ്മിക്കേണ്ട ആവശ്യം ഇപ്പോഴില്ല. ആയതിലേയ്ക്ക് 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലെ 9(1)(എ) വകുപ്പ് അനുസരിച്ച് മുദ്രവില ഒഴിവാക്കിക്കൊണ്ട് സർക്കാരിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

**(x) 2011-ലെ കേരള പാർപ്പിട രഹിതരുടെ ഭവനനിർമ്മിതിക്ക് ഭൂമി വാങ്ങുമ്പോൾ സൗജന്യ രജിസ്ട്രേഷൻ ഉപലബ്ധമാക്കൽ ബിൽ**

ശ്രീ. സാജു പോൾ: സർ, ഈ മുദ്രവില ഒഴിവാക്കിക്കൊടുക്കൽ എന്ന് പറയുന്നത് വലിയ ഒരു ചടങ്ങാണ്. അതിന് മന്ത്രിസഭയുടെ അംഗീകാരം കിട്ടിയിട്ട്, ഈ നാട്ടിലാർക്കും അത് സാധിക്കില്ല. പക്ഷേ പലപ്പോഴും പല വൻകിട പദ്ധതികൾക്കും അനർഹരായവർക്കും അത് ലഭിക്കുന്നുണ്ട്. നിർബ ന്ധമായിട്ടും ഭൂരഹിതരായ; ഒരു വീട് വയ്ക്കാൻ വേണ്ടി വസ്തു വാങ്ങുന്നയാളുകൾക്ക് ഒഴിവാക്കി കൊടുക്കണമെന്നുള്ളതാണ് എന്റെ ബില്ലിൽ പറഞ്ഞിട്ടുള്ളത്. ചർച്ച തുടരുന്നതാണ്.

മി. സ്പീക്കർ: ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

**(xi) 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ**

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ അനൗ ദ്യോഗിക പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല)

**(xii) 2013-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ**

ഡോ. കെ. ടി. ജലീൽ: സർ, 2013-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങ ളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബില്ലിന്റെ അവതരണാ നുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, പ്രമേയത്തെ പിന്താങ്ങുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇത് ഫോട്ടോ ഫിനിഷായതുകൊണ്ട് ഞാനത് ഒപ്പോസ് ചെയ്യുന്നു. അതിന് കാരണങ്ങളൊന്നും പറയുന്നില്ല.

ഡോ. കെ. ടി. ജലീൽ: സർ, ചർച്ച തുടരുന്നതാണ്.

മി. സ്പീക്കർ: ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

(അജണ്ടയിലെ ശേഷിച്ച അനൗദ്യോഗിക ബില്ലുകളുടെ അവതരാണാനുമതിക്കുള്ള പ്രമേയങ്ങൾ പരിഗണിക്കപ്പെട്ടില്ല)

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂൺ മാസം 16-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

**************